TRACT No : SH - 9

# ഇന്നിങ്ങനെ എങ്കിൽ നാളെ എങ്ങനെ?

അത്ഭുതാവഹവും ഭയപ്പെടുത്തുന്നതുമായ വാർത്തകളും, സംഭവങ്ങളും നാം ദിനംപ്രതി വായിക്കുകയും, കേൾക്കുകയും, കാണുകയും ചെയ്യുന്നു. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഉറവിടമാകേണ്ട ഭവനങ്ങളിൽ നിസ്സാരകാരണങ്ങളാലും, ധനമോഹങ്ങളാലും വിദ്വേഷമുണ്ടായി സ്നേഹബന്ധങ്ങൾ ശിഥിലമാകുന്നു. പവിത്രമായ ദാമ്പത്യബന്ധങ്ങൾ സ്ത്രീധനത്തിന്റെ പേരിൽ പിച്ചിചീന്തപ്പെടുന്നു. ജ്ഞാനസമ്പാദനത്തിനായി കലാലയങ്ങളിലെത്തുന്നവരിൽ പലരും മദ്യത്തിനും, മയക്കുമരുന്നിനും, അക്രമരാഷ്ട്രീയത്തിനും അടിമകളായി ലക്ഷ്യം വിട്ടു സഞ്ചരിക്കുന്നു. സമൂഹത്തിൽ പട്ടിണിമരണങ്ങൾ, ആത്മഹത്യകൾ എന്നിവ നിത്യസംഭവങ്ങളായിത്തീർന്നിരിക്കുന്നു. രാഷ്ട്രീയത്തിൽ അധികാരമോഹങ്ങളുടെയും, വ്യക്തിവൈരാഗ്യങ്ങളുടെയും മറവിൽ മനുഷ്യൻ മൃഗീയമായി കൊലചെയ്യപ്പെടുന്നു. ഭരണസംവിധാനങ്ങൾ അഴിമതികളാൽ ചൂഷണം ചെയ്യപ്പെടുന്നു. ദൈവവീകകാര്യങ്ങളിൽ പോലും പകയും, പിണക്കവും, അധികാരമോഹവും നിമിത്തം കേസ്സുകളും, തർക്കങ്ങളും വർദ്ധിച്ചു രക്തച്ചൊരിച്ചിലിൽ എത്തിച്ചേരുന്നു. മരുന്നുകളിൽ മായം, ആഹാരപാനീയങ്ങളിൽ മായം. അക്രമവും അനീതിയും പുതിയ രൂപത്തിലും ഭാവത്തിലും വളർന്നു വരുന്നു. ബന്ദുകളും, ഹർത്താലുകളും വഴിയായി പൗരസ്വാതന്ത്ര്യവും, സഞ്ചാരസ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നു. സാന്മാർഗ്ഗീകജീവിതത്തിലെ അധഃപതനം, യുദ്ധം, കൊള്ള, കൊലപാതകം, ബോംബുസ്ഫോടനം, എന്നിവയ്ക്കു പുറമേ ഭീകരരുടെയും, മതതീവ്രവാദികളുടെയും തേർവാഴ്ചയും അരങ്ങേറുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യന് സമാധാനമായി, ജീവിക്കുവാൻ കഴിയാത്തതും, മനുഷ്യജീവനു യാതൊരു വിലയും കല്പിക്കാത്തതുമായ ഒരു സ്ഥിതിയിലേക്കു ലോകം എത്തിച്ചേർന്നിരിക്കുന്നു. ഇതിനു പുറമേ ഭൂകമ്പം, പ്രകൃതിക്ഷോഭം, വരൾച്ച, സൗരയൂഥത്തിലുള്ള വ്യതിയാനങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നു. ലോകത്തിന്റെ നാശത്തിലേക്കുള്ള ഈ പോക്കുകണ്ട് ഏതൊരു സാധാരണക്കാരനും ചോദിച്ചു പോകുന്ന ചോദ്യമാണ് **— ഇന്നിങ്ങനെ എങ്കിൽ നാളെ എങ്ങനെ?!**

ഇത്തരത്തിലുള്ള അസമാധാനത്തിനും, വിദ്വേഷത്തിനും, വെറുപ്പിനും, അക്രമത്തിനും പരിഹാരമുണ്ടോ? ലോകം ഈ നിലയിൽ എത്രനാൾ മുമ്പോട്ടു പോകും? നാം അധിവസിക്കുന്ന ഭൂമി നശിക്കുവാൻ പോകയാണോ? ഭൂമിയിൽ അദ്ധ്വാനിച്ചു നേടിയതെല്ലാം നിമിഷനേരത്തിൽ നഷ്ടപ്പെടുവാൻ ഇടയാകുമോ? നശിച്ചു പോകാത്ത എന്തെങ്കിലും ഭൂമിയിൽ സ്വരൂപിക്കുവാൻ സാധിക്കുമോ? എന്നീ ചോദ്യങ്ങളുമായി ഭീതിയോടെ, നിസ്സഹായരായി മനുഷ്യൻ സമാധാനത്തിനായും ആശ്വാസത്തിനായും ഉറ്റുനോക്കികൊണ്ടിരിക്കുമ്പോൾ ദൈവവചനമായ ബൈബിളിൽ ഇതിനുത്തരം കാണുന്നു.*''ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം;* ***ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം*** '' എന്നാണ് യേശുക്രിസ്തുവിന്റെ വരവിനെ സ്വർഗ്ഗത്തിൽ നിന്നും അറിയിച്ചത്.(ലൂക്കൊസ്.2:10,11,14). യേശുക്രിസ്തുവിന്റെ വരവ് കാലത്തെ ബി.സി (ക്രിസ്തുവിനു മുമ്പ്) എന്നും എ.ഡി (ക്രിസ്തുവിനുശേഷം) എന്നും (BC = Before Christ / AD = Anno Domini = in the year of our LORD) രണ്ടായി തിരിക്കുന്ന ചരിത്രസത്യമായിരിക്കുന്നു. ഉദാഹരണമായി ഏതൊരാളും തന്റെ ജനന

[മറുപുറം]

ത്തീയതി പറയുമ്പോഴോ, ഏതെങ്കിലും വ്യവഹാരത്തിൽ തീയതി എഴുതുമ്പോഴോ അതു ക്രിസ്തുവിന്റെ വരവുമായി (എ.ഡി) ബന്ധപ്പെട്ടിരിക്കുന്നു. പാപികളെ രക്ഷിക്കാനും, സമാധാനമില്ലാത്തവർക്കു സമാധാനം നൽകാനുമാണ് യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ വന്നത്. കഷ്ടതയുടെയും, പ്രതികൂലതകളുടെയും മദ്ധ്യേ ഭയന്നു വിറങ്ങലിച്ച ജനങ്ങളോടറിയിച്ചു —*''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.... നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും.''*(മത്തായി.11:28,29).

മനുഷ്യരിലുള്ള സ്വാർത്ഥതയും, വിദ്വേഷവും, സ്നേഹമില്ലായ്മയും,പ്രകൃതിയിലുള്ള മാറ്റങ്ങളും ലോകാവസാനത്തിന്റെ ലക്ഷണങ്ങൾ തന്നെ. പാപങ്ങളും, സകലമ്ളേച്ഛതകളും നിറഞ്ഞ മനുഷ്യവർഗ്ഗമുൾപ്പെട്ട ഭൂമിയെ ദൈവം അഗ്നിയാൽ നശിപ്പിക്കുവാൻ പോകയാണ്. *''അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും''* (2.പത്രൊസ്.3:10). *''ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും''*(വെളിപ്പാട്.20: 15). എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ആത്മരക്ഷയും, ദൈവപ്രസാദവും നേടിയവർക്കു നിത്യസമാധാനവും, അവരുടെ ആത്മാവിനു ആശ്വാസവും ലഭിക്കും. യേശുക്രിസ്തുവിനെ കർത്താവും, രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുന്നവർക്കു നാളെ എന്തു സംഭവിക്കുമെന്നു ആകുലപ്പെടേണ്ട ആവശ്യമില്ല. കാരണം ഭൂമിയിൽ എന്തൊക്കെ സംഭവിച്ചാലും അവർ ദൈവകരങ്ങളിൽ നിത്യസുരക്ഷിതർ ആയിരിക്കും.

പ്രിയ മിത്രമേ, താങ്കൾക്കു ദൈവീകസമാധാനവും, നിത്യജീവനും, സ്വർഗ്ഗസന്തോഷവും അനുഭവിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ, തുടർന്നുള്ള അപേക്ഷ വിശ്വാസത്തോടെ പ്രാർത്ഥിക്കുക: *"യേശുകർത്താവേ, ഞാൻ ഇതുവരെ പാപവഴികളിലൂടെ ഒരു ലക്ഷ്യബോധവും, സമാധാനവുമില്ലാതെ ജീവിക്കുകയായിരുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. എന്നെ രക്ഷിപ്പാനായി അങ്ങ് ഈ ലോകത്തിൽ വന്നു. എന്റെ പാപങ്ങൾക്കു പരിഹാരമായി ക്രൂശിൽ മരിച്ചു; അടക്കപ്പെട്ടു; മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ഇനി ദൈവഹിതപ്രകാരം മാത്രം ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു."*

ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചുവെങ്കിൽ താങ്കൾ ദൈവപൈതലായി; ദൈവീകസമാധാനത്താൽ നിറയപ്പെട്ടിരിക്കുന്നു. ലോകജീവിതത്തിൽ കഷ്ടതകൾ, രോഗങ്ങൾ, ദുഃഖങ്ങൾ എന്നിവ നേരിട്ടാലും താങ്കൾക്കായി മരിച്ചു, ഉയിർത്തെഴുന്നേറ്റു, ജീവിക്കുന്ന യേശുകർത്താവ് ആശ്വാസത്തിനായി കൂടെയുണ്ട്.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion
Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001

*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*

Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com